# അക്കാദമിക മാസ്റ്റർ പ്ലാൻ
# ചേലേരി മാപ്പിള എ എൽ പി സ്കൂൾ

# <u>മേഖല :മലയാളം</u>

<u>പ്രവർത്തന പരിപാടിയുടെ പേര് :</u> ഞാനെന്തും വായിക്കും എപ്പോഴും വായിക്കും

<u>ലക്ഷ്യങ്ങൾ</u>

*മുഴുവൻ കുട്ടികളെയും വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റുക.

*വായന ഒരു ശീലവും ലഹരിയും ആക്കി മാറ്റുക.

*പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്ക് പുറമേ ചെറിയ കഥകൾ കവിതകൾ എന്നിവ വായിക്കാൻ പ്രാപ്തരാക്കുക.

*വായനയുടെ വിവിധ തലങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുക.

*കൂടുതൽ വായനാ അവസരങ്ങൾ സൃഷ്ടിക്കുക.

*വായനയിൽ നിന്ന് രചനയിലേക്ക് നയിക്കുക.

*സർഗാത്മകശേഷി വികസിപ്പിക്കുക.

*വായനാപരിപോഷണത്തിന് സമൂഹത്തിൻറെ സഹായവും പിന്തുണയും ലക്ഷ്യമാക്കുക.

*വായനയുടെ നിലവാരം, കഴിവുകൾ എന്നിവ സ്വയം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുള്ള കഴിവും പ്രാപ്തിയും ഉള്ളവരായി കുട്ടികളെ മാറ്റുക.

*കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | വായനയുടെ ലോകത്തേക്ക് | വിദ്യാലയത്തിൽ നടപ്പിലാക്കാവുന്ന ഒരു പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യുന്നു.<br><br>ഓരോ ക്ലാസിലെയും മലയാളം പാഠഭാഗവുമായി ബന്ധപ്പെട്ട വായനാ സാമഗ്രികൾ കണ്ടെത്തൽ .വായനാ കാർഡുകൾ രൂപപ്പെടുത്തൽ. | ഒരു വർഷം | SRG<br>അധ്യാപകർ<br>പി ടി എ | | |
| 2 | SRG | പ്രത്യേക SRG യോഗം ചേർന്ന് പ്രവർത്തന പരിപാടി അംഗീകരിക്കുന്നു. | ജൂൺ രണ്ടാം വാരം | എച്ച് എം എസ് ആർ ജി കൺവീനർ | | |
| 3 | ലഘുവായനാ സാമഗ്രികൾ കണ്ടെത്തി വിതരണം | കുട്ടികളുടെ വായനാവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ബാല മാസികകൾ, ചെറിയ കഥാ - കവിതാ പുസ്തകങ്ങൾ എന്നിവ ശേഖരിച്ച് ക്ലാസിൽ ലഭ്യമാക്കുന്നു വായിച്ചു തുടങ്ങുന്നവർക്ക് അനുയോജ്യമായ ചെറിയ പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുന്നു.വർഷം തീരുമ്പോൾ കുറഞ്ഞത് 10 ബുക്ക് വായിച്ചു എന്ന് ഉറപ്പുവരുത്തുന്നു. | ഒരു വർഷം | കുട്ടികൾ | I - V | പി ടി എ |
| 4 | വായനാ പരിശീലനം | വായനയ്ക്ക് വിവിധ പ്രവർത്തനങ്ങളിലൂടെ നിരന്തരവും ക്രമവുമായ പരിശീലനം സംഘടിപ്പിക്കുന്നു. | ഒരു വർഷം | അധ്യാപകർ | I - V | |
| 5 | വായനാ മൂല | വായനക്കായി ഒത്തുചേരുന്നതിന് പ്രത്യേക സ്ഥലം ക്രമീകരിക്കുന്നു | ഒരു വർഷം | എസ് ആർ ജി | I - V | |
| 6 | CPTA | വായന വിശേഷങ്ങൾ അറിവുകൾ എന്നിവ സമൂഹമായി പങ്കുവയ്ക്കുന്നതിന് അവസരം ഒരുക്കുന്നു. | മാസത്തിൽ | അധ്യാപകർ | I - V | |

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 7 | വിവിധ ഭാഷാശേഷികളുടെ വികസനം സാധ്യമാക്കൽ | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ എസ്ആർജിയും ചർച്ച ചെയ്യുന്നു<br>ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു<br>പുസ്തകപ്രദർശനം -പതിപ്പ് -ചുമർപത്രിക | മാസത്തിൽ | എസ് ആർ ജി | III,IV,V | പി ടി എ |
| 8 | വായനാ കുറിപ്പുകൾ | വായിച്ച മികച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പുകൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനവസരം നൽകുന്നു<br>മികച്ച കുറിപ്പുകൾ അവതരിപ്പിച്ച കുട്ടിക്ക് സ്വതന്ത്ര രചനയ്ക്ക് ലഘുവിഷയങ്ങൾ നൽകി രചനയ്ക്ക് അവസരം ഒരുക്കുന്നു | മാസത്തിൽ | എസ് ആർ ജി | III,IV,V | |
| 9 | ആസ്വാദനക്കുറിപ്പ് | വായന ഉറപ്പിക്കുന്നതിനുവേണ്ടി വായിച്ച പുസ്തകം അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നു | മാസത്തിൽ | അധ്യാപകർ | IV,V | |
| 10 | അംഗീകാരം | ഭാഷാപ്രവർത്തനങ്ങളിൽ മികവ് പുലർത്തിയവർക്ക് പ്രോത്സാഹനമായി സമ്മാനങ്ങൾ നൽകുന്നു<br>(വായനാ പ്രതിഭ ,etc ) | ജനുവരി | എസ് ആർ ജി | I - V | |
| 11 | ജന്മദിന ലൈബ്രറി | കുട്ടികളുടെ ജന്മദിനത്തിൽ ഓരോ പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് വിതരണം ചെയ്യൽ | എല്ലാ ജന്മദിനങ്ങളിലും | അധ്യാപകർ കുട്ടികൾ | I - V | |
| 12 | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന , ക്വിസ് | പത്രവാർത്ത എഴുതൽ, എല്ലാ അസംബ്ലിയിലും വാർത്ത വായന.<br>വാർത്തകളുടെ അടിസ്ഥാനത്തിൽ പ്രതിമാസ ക്വിസ്. | മാസത്തിൽ | അധ്യാപകർ കുട്ടികൾ | III,IV,V | പി ടി എ |
| 13 | കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠത്തിലെ ചില ഭാഗങ്ങൾ വ്യവഹാര രൂപങ്ങൾ മാറ്റി അവതരിപ്പിക്കുന്നു .<br>പാഠഭാഗങ്ങൾ തിരഞ്ഞെടുക്കൽ -കഥാപാത്രങ്ങളെ- കണ്ടെത്തൽ പരിശീലനം നൽകൽ- അവതരണം. | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ എസ് ആർ ജി | I - V | |
| 14 | തെറ്റില്ലാതെ മലയാളം എഴുതാനുള്ള ശേഷി | കുട്ടികൾ കണ്ട കാര്യങ്ങൾ, കാഴ്ചകൾ , സംഭവങ്ങളുടെ ചുരുക്കം ഉൾപ്പെടുത്തി ഡയറി എഴുത്ത്. (മാതൃക - 1, 2 രണ്ട് ക്ലാസുകളുടെ സംയുക്ത ഡയറി എഴുത്ത് ) | എല്ലാ ദിവസവും | ക്ലാസധ്യാപകർ | II - V | |
| 15 | ബാലസാഹൃത്യ മാസികകളുടെ സഹായത്താൽ വർക്ക് ഷീറ്റ് നിർമ്മാണം. | വായിച്ചുതീരുന്ന ബാലസാഹിത്യ വാരികകളിൽ നിന്നും മാസികകളിൽ നിന്നും ചിത്രങ്ങൾ ശേഖരിക്കുന്നു.<br>എ ഫോർ പേപ്പറിൽ ചിത്രങ്ങൾ ഒട്ടിച്ച് അതിന് അനുയോജ്യമായ കഥ,കവിത , വിവരണം, അടിക്കുറിപ്പ് എന്നിവ എഴുതി ചേർക്കൽ. വർക്ക് ഷീറ്റ് തയ്യാറാക്കാൻ. | മാസത്തിൽ | അധ്യാപകർ കുട്ടികൾ പി ടി എ | I - V | പി ടി എ |
| 16 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു.<br>ഇടവേളകളിലും വൈകുന്നേരങ്ങളിലും ഭാഷാ പിന്നോക്ക അവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നൽകൽ.<br>ഇടക്കാല വിലയിരുത്താൻ നടത്തിയതിനുശേഷം പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.<br>രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ. | ജൂൺ ജൂലൈ നവംബർ<br>മാസത്തിൽ | അധ്യാപകർ<br>എസ് ആർ ജി | II - V | പി ടി എ |

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 17 | ഏകദിന ശില്പശാല | പ്രാദേശികമായി തയ്യാറാക്കുന്ന സംഗീത ഉപകരണങ്ങളുടെ നിർമ്മാണം. പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ. പാട്ടവതരണവും ആവിഷ്ക്കാരവും വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കാൻ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായന കാർഡുകളാക്കൽ | ജൂൺ - ഫെബ്രുവരി | എസ് ആർ ജി<br>പി ടി എ<br>കുട്ടികൾ | I - V | പി ടി എ |
| 18 | ഭാഷോത്സവം | കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവം സംഘടിപ്പിക്കുന്നു. | ജനുവരി | എസ് ആർ ജി<br>പി ടി എ<br>കുട്ടികൾ | I - V | പി ടി എ |

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാന ശേഷികളായ ശ്രവണം, ഭാഷണം, വായന, ലേഖനം (LSRW) വികസിപ്പിക്കാൻ.
- ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട സ്ട്രക്ചറുകളും ലാംഗ്വേജ് എലിമെന്റ്സും തിരിച്ചറിഞ്ഞ് ഉചിതമായ രീതിയിൽ പ്രയോഗിക്കൽ.
- ഇംഗ്ലീഷ് ഭാഷയുടെ താളവും സൗന്ദര്യവും ആസ്വദിക്കുകയും സർഗാത്മക രചനകൾ നടത്തുകയും ചെയ്യുന്നതിന്.
- ഡിക്ഷ്ണറികൾ കൈകാര്യം ചെയ്യുന്നതിനും സ്വന്തം ഡിക്ഷ്ണറികൾ രൂപീകരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ.
- സർഗ്ഗ രചന, നാടകീകരണം, കൊറിയോഗ്രഫി തുടങ്ങി വിവിധങ്ങളായ മേഖലകളിൽ ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന്.
- ഡയറി, ന്യൂസ് റിപ്പോർട്ട്, ഉൾപ്പെടെയുള്ള വിവിധങ്ങളായ മേഖലകളിൽ ഇംഗ്ലീഷ് വ്യവഹാര രൂപങ്ങൾ സന്ദർഭത്തിനനുസരിച്ച് തയ്യാറാക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ.
- ഇംഗ്ലീഷ് ഭാഷയോട് അഭിരുചിയും വളർത്താനും ഭാഷാ പഠനതാത്പര്യം വർദ്ധിപ്പിക്കാനും.
- ഇംഗ്ലീഷ് സുഗമമായ രീതിയിൽ ആശയവിനിമയം ചെയ്യുന്നതിന്.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയുടെ നാദവും സൗന്ദര്യവും ആസ്വദിക്കൽ | <u>റൈം ടൈം</u><br>* സ്കൂളിൽ ലഭ്യമായ ICT ഉപയോഗിച്ച് ഇംഗ്ലീഷ് റൈമുകൾ അനുകരിച്ച് ചൊല്ലൽ, റൈമുകൾ ശേഖരിക്കൽ | 1 - 4 വരെ ക്ലാസുകളിൽ | ജൂൺ ജൂലൈ ആഗസ്ത് | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയോട് അഭിരുചി വളർത്തുന്നതിനും ഭാഷയുടെ ഉച്ചാരണം തിരിച്ചറിയുന്നതിനും. | <u>സ്റ്റോറി ടൈം</u><br>* ICT യുടെ സഹായത്തോടെ ഇംഗ്ലീഷ് സ്റ്റോറികൾ കാണാനും കേൾക്കാനുമുള്ള അവസരമൊരുക്കൽ. | 1, 2, 3, 4, 5 ക്ലാസുകളിൽ | ജൂൺ, ജൂലൈ ആഗസ്ത് | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയുടെ സൗന്ദര്യവും പ്രത്യേകതയും കളിയിലൂടെ ആസ്വദിക്കുകയും ഡിക്ഷ്ണറികൾ രൂപീകരിക്കുന്നതിനുള്ള ശേഷി വർധിപ്പിക്കുകയും ചെയ്യുന്നതിന് വൊക്കാബുലറി വികസനത്തിന് | <u>സ്പെല്ലിംഗ് ഗെയിം</u><br>* വേർഡ് ചെയിൻ കളി<br>* ജംബ്ൾഡ് വേർഡ്സ്<br>* വാക്യകൾ ക്രമീകരിക്കൽ (ഡിക്ഷ്ണറി ഓർഡറിൽ)<br>* ക്രോസ് വേർഡ്സ്<br>* പസിൽസ്<br>* റിഡ്ലിൽസ്<br>* കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള വേർഡ് ഗെയിം. | എല്ലാ ക്ലാസുകൾക്കും. | സെപ്തംബർ ഒക്ടോബർ നവംബർ | ഇംഗ്ലീഷ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| ക്ലാസ് മുറിയിൽ ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിച്ച് ഭാഷാ പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിന്. | <u>എന്റെ ഇംഗ്ലീഷ് കോർണർ</u><br>* വലിയ അക്ഷരങ്ങളിൽ തയ്യാറാക്കിയ റീഡിംഗ് കാർഡ്സ്, ചിത്രങ്ങളോടു കൂടിയ ചാർട്ടുകൾ, കളർ ചിത്രമുൾക്കൊള്ളുന്ന കൊച്ചു കഥകളും കവിതകളും ഉള്ള പുസ്തകങ്ങൾ തുടങ്ങിയവ ശേഖരിച്ച് വയ്ക്കൽ<br>* ചുമരിൽ ബോർഡ് സ്ഥാപിച്ച് കുട്ടികളുടെ രചനകൾ, ചാർട്ടുകൾ എന്നിവ പതിക്കാനുള്ള സൗകര്യമൊരുക്കൽ<br>* സചിത്ര റീഡിംഗ് കാർഡ്, സ്റ്റോറി ബുക്സ് തുടങ്ങിയവ തയ്യാറാക്കി സജ്ജീകരിക്കൽ | എല്ലാ ക്ലാസുകളിലും | 2 മാസം | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്<br>SRG | PTA |
| ഇംഗ്ലീഷ് ഭാഷയോട് ആഭിമുഖ്യം വളർത്തുന്നതിനും തുടർ വായന പ്രോത്സാഹിപ്പിക്കുന്നതിനും. | * റീഡിംഗ് കാർഡുകൾ സജ്ജീകരിക്കൽ<br>* സ്കൂൾ ഇംഗ്ലീഷ് ലൈബ്രറി | പൊതുവായി | 3 മാസം | ,, | PTA |
| ഡയറി, ന്യൂസ്, റിപ്പോർട്ട്, ഡിബേറ്റ് | <u>രചനാ ശില്പശാല</u><br>* കഥാരചന, കവിതാ രചന, അനൗൺസ്മെന്റ്, ലെറ്റർ, വിവരണം, പ്രസംഗം, സംഭാഷണം, സ്ക്രിപ്റ്റ് | | | | |

| | | | | |
|---|---|---|---|---|
| | റൈറ്റിംഗ്, ഡയറി, ന്യൂസ് റിപ്പോർട്ട് തുടങ്ങി വിവിധ ഭാഷാവ്യവഹാര രൂപങ്ങളുടെ രചനയും അവതരണവും പ്രസിദ്ധീകരണവും. | 3, 4, 5 ക്ലാസുകളിൽ | ക്രിസ്മസ് അവധിക്കാലത്ത് | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ്<br>SRG<br>PTA. |
| ഇംഗ്ലീഷിൽ നിന്ന് മാതൃഭാഷയിലേക്കും മാതൃഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്കും ആശയഗ്രഹണത്തോടുകൂടി പരിഭാഷ ചെയ്യുന്നതിനുള്ള ശേഷി അർജ്ജിക്കുന്നതിന് | <u>തർജ്ജമ പരിശീലനം</u><br>* അവനവനെപ്പറ്റി മലയാളത്തിൽ പറയുന്നത് ഇംഗ്ലീഷിലേക്കും തിരിച്ചും പരിഭാഷപ്പെടുത്താൻ സന്ദർഭം ഒരുക്കുന്നു.<br>* കഥകളും മറ്റു വ്യവഹാര രൂപങ്ങളും മലയാളത്തിലേക്കും മലയാളത്തിലേത് ഇംഗ്ലീഷിലേക്കും തർജ്ജമ ചെയ്യുന്നു.<br>* ചെറുപ്രസംഗങ്ങൾ തർജ്ജമക്കായി നൽകുന്നു<br>* കുട്ടികളുടെ പരിഭാഷ ഡോക്യുമെന്റ് ചെയ്ത് പിഴവുകൾ മനസ്സിലാക്കാൻ അവ അവർക്കു മുമ്പിൽ പ്രദർശിപ്പിക്കുകയും സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | 3, 4, 5 ക്ലാസുകളിൽ | ഒക്ടോബർ നവംബർ ഡിസംബർ മാസങ്ങളിൽ | ഇംഗ്ലീഷ് ടീച്ചർ<br>SRG<br>PTA |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമർ പരിശീലനം | | | | |
| സ്ക്രിപ്റ്റുകൾ ലാംഗ്വേജ് എലിമെന്റ്സ് തുടങ്ങിയവ തിരിച്ചറിഞ്ഞ് ഭാഷാ ശുദ്ധിയോടെ പ്രയോഗിക്കൽ. | * എഡിറ്റിംഗിനായി ചെറു പാസേജുകൾ നൽകി അവ ശുദ്ധീകരിക്കൽ<br>* വിവിധ വർക്ക് ഷീറ്റുകളുടെ സഹായത്തോടെ ഗ്രാമർ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകൽ<br>* ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട് സ്ക്രിപ്റ്റുകൾ, ലാംഗ്വേജ് എലിമെന്റ്സ് എന്നിവ സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ പരിശീലിപ്പിക്കൽ | 3,4,5 ക്ലാസുകളിൽ | അഗസ്റ്റ് മുതൽ | ഇംഗ്ലീഷ് ടീച്ചർ<br>SRG | PTA |
| | തിയേറ്റർ ഗെയിം. | | | | |
| ഭാഷ ഉപയോഗിച്ച് കലാരൂപങ്ങളുടെ ആവിഷ്കാരം നടത്തുന്നതിന്. | * തിയേറ്റർ ഗെയിമുകളിലൂടെ ഇംഗ്ലീഷിനോട് താൽപര്യം ജനിപ്പിക്കാനവസരമൊരുക്കുന്നു.<br>Costume<br>* സ്റ്റിൽ ഡിസ്പ്ലേയായി വിവിധ രംഗങ്ങൾ ആവിഷ്കരിക്കുന്നു.<br>* ഡ്രാമയിലേക്കും ചെറു നാടകങ്ങളിലേക്കും നയിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | എല്ലാ ക്ലാസുകളിലും | 1 വർഷം | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് | PTA |

| | | | | | |
|---|---|---|---|---|---|
| | * കുട്ടികൾ അവതരിപ്പിക്കുന്നവ റിക്കാർഡ് ചെയ്ത് കാണുകയും ആവശ്യമായ മെച്ചപ്പെടുത്തലുകൾക്ക് അവസരമൊരുക്കുകയും ചെയ്യുന്നു.<br>* സ്കൂൾ വാർഷിക വേദികളിലും ഇംഗ്ലീഷ് ഫെസ്റ്റ് വേദികളിലും പൊതു അവതരണം നടത്തുന്നു. | | | | |
| | **ഇംഗ്ലീഷ് അസംബ്ലി** | | | | |
| കുട്ടികൾക്ക് ഇംഗ്ലീഷിനോട് അഭിമുഖ്യം വളർത്താനും ഭാഷയുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും | * പ്രാർത്ഥന, പ്രതിജ്ഞ ന്യൂസ് വായന, ടിപ്പണി അഭിസംബോധനയടക്കം എല്ലാ ഇനങ്ങളും ഇംഗ്ലീഷിൽ മാത്രം തയ്യാറാക്കി നടപ്പിലാക്കുന്ന അസംബ്ലികൾ | | സ്കൂൾ എല്ലാ ബുധനാഴ്ചയും. | HM SRG | |
| | **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് ഭാഷയിൽ നേടിയ അറിവുകൾ ഉപയോഗിച്ച് പൊതുവേദിയിൽ കഴിവുകൾ സങ്കോചമില്ലാതെ പ്രദർശിപ്പിക്കുന്നതിന് | * ഓരോ വർഷത്തെയും ഇംഗ്ലീഷ് പഠന പ്രവർത്തനങ്ങളിലൂടെയും മറ്റും എല്ലാ നേടിയെടുത്ത കഴിവുകൾ പൊതുവേദിയിൽ പ്രകടിപ്പിക്കാനും ഉത്പന്നങ്ങൾ പൊതു പ്രദർശനത്തിനും | | ക്ലാസിലെ 1 വർഷം ഷം | ഇംഗ്ലീഷ് ക്ലബ്ബ് SRG | PTA |

| | | | | | |
|---|---|---|---|---|---|
| | തയ്യാറാക്കുന്നതിനുള്ള വേദി ഒരുക്കൽ | | | | |
| | <u>ഇംഗ്ലീഷ് ക്ലബ്ബ്</u> | | | | |
| ഇംഗ്ലീഷ് ഭാഷാ പോഷണത്തിനും ഇംഗ്ലീഷ് ഭാഷയോട് അഭിരുചി വളർത്തുന്നതിനും | * സ്കൂൾ തലത്തിൽ എല്ലാ ക്ലാസുകളിൽ നിന്നുള്ള താത്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരണം.<br>* ക്ലബ്ബിന് ഭാരവാഹികളെ നിശ്ചയിക്കൽ<br>* എല്ലാ മാസവും ഒരു തവണയെങ്കിലും യോഗം ചേരൽ<br>* വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ<br>* സ്കൂൾ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കൽ | 1 മുതൽ 5 വരെ | 1 വർഷം | ഇംഗ്ലീഷ് ക്ലബ്ബ് SRG | PTA |

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന മൂർത്ത വസ്തുക്കൾ ഉൾപ്പെടുത്തിക്കൊണ്ട് ഗണിത പഠനം. | ഗണിത കിറ്റ് നിർമ്മാണം<br>ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന മഞ്ചാടി, ഈർക്കിൽ, സ്ട്രോ, തുടങ്ങിയവ ശേഖരിച്ച് ഓരോ കുട്ടിക്കും ഗണിത കിറ്റ് തയാറാക്കൽ. | 1, 2. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ |
| | സംഖ്യകളെ ക്രമീകരിക്കാനും ഗണിത ക്രിയകൾ ചെയ്യാനും ഗണിത കിറ്റ് ഉപയോഗിച്ച് പ്രയോജനപ്പെടുത്താൻ അവസരം ഒരുക്കൽ | 1, 2 | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിത പഠനത്തിൽ താൽപര്യം ജനിപ്പിക്കലും | | | | |

| | | | | |
|---|---|---|---|---|
| ഗണിതാന്തരീക്ഷം ഒരുക്കലും | പാട്ടും ഗണിതവും<br>ഗണിത പാട്ടുകളുടെ ശേഖരണം.<br>ഗണിത പാട്ടുകളിലൂടെ ഗണിതത്തിൽ താല്പര്യം ജനിപ്പിക്കൽ,<br>അവയെ ക്രോഡീകരിക്കൽ<br>വ്യത്യസ്ത തന്ത്രങ്ങളിലൂടെ അവതരണം.<br>(ചിത്രീകരണം, അഭിനയം)<br>വരികൾ കൂട്ടിച്ചേർത്ത് അവതരണം.<br>രേഖപ്പെടുത്തൽ | 1,2 | ജൂലൈ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | കഥയും ഗണിതവും<br>ഗണിതാശയ രൂപീകരണത്തിനനുയോജ്യമായ കഥകൾ ശേഖരിക്കൽ.<br>കഥ, ചിത്രീകരണം, അഭിനയം എന്നിവയിലൂടെ ഗണിത പഠനം ലളിതമാക്കൽ.<br>ക്ലാസിൽ ഗണിത കഥകളുടെ ശേഖരം തയ്യാറാക്കൽ | 1–5 | ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| | കളികളിലൂടെ ഗണിതം<br>വ്യത്യസ്തതരം ഗണിത കളികൾ ശേഖരിക്കൽ | | | |

| | | | | |
|---|---|---|---|---|
| | ആവശ്യമായ കളി ഉപകരണങ്ങൾ കണ്ടെത്തൽ, കളികളിൽ ഏർപ്പെടൽ കളികളുമായി ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ തയാറാക്കൽ. | 1-5 | സെപ്തംബർ | |
| | പസിലുകൾ<br>പസിലുകൾ കുട്ടികൾ തയ്യാറാക്കുകയും ശേഖരിക്കലും<br>പസിലുകൾ വ്യക്തിഗതമായി തയ്യാറാക്കുന്നു. | 3,4,5 | ഒക്ടോബർ | ഗണിതക്ലബ് |
| | ബുള്ളറ്റിൻ ബോർഡ്<br>ക്ലാസിൽ ഒരു ബുള്ളറ്റിൻ ബോർഡ് ഗണിതവുമായി ബന്ധപ്പെട്ട രചനകൾ, പസിൽ, കുസൃതിക്കണക്കുകൾ | 1-5 | ജൂൺ മുതൽ | ഗണിതക്ലബ്ബ് ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | ഗണിത പ്രദർശിപ്പിക്കൽ | | | |
| | ഗണിത ക്വിസ്<br>ക്വിസിനാവിശ്യമായ ചോദ്യങ്ങൾ ഗണിത ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ക്വിസ് ചോദ്യങ്ങൾ ശേഖരിക്കുകയും ക്വിസ് സംഘടിപ്പിക്കുകയും മികച്ച പ്രകടനം കാഴ്ച വെക്കുന്ന കുട്ടികളെ അഭിനന്ദിക്കുന്നു. | 4,5 | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ് |
| | ഉത്തരപ്പെട്ടി<br>സ്കൂളിൽ ഒരു ഉത്തരപ്പെട്ടി സ്ഥാപിക്കുന്നു. പേസിൽ, | | | |

| | | | | |
|---|---|---|---|---|
| | ക്വിസ് കാർഡുകൾ, ചോദ്യങ്ങൾ ഉൾപ്പെടുത്തി) ആഴ്ചയിൽ ചോദ്യങ്ങൾ നൽകുകയും, ഉത്തരങ്ങൾ പരിശോധിച്ച് വിജയികളെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. | 1-5 | ആഗസ്റ്റ് | ഗണിതക്ലബ് |
| ഗണിതത്തിൽ മികച്ച നിലവാരം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് കഴിവുകൾ പ്രകടിപ്പിക്കാനും, മെച്ചപ്പെടുത്താനുമുള്ള അവസരം നൽകൽ. | ഗണിത ക്ലബ്<br>ഗണിതത്തിൽ തല്പരരായവരെ കണ്ടെത്തുകയും അവരെ ഉൾപ്പെടുത്തി ക്ലബ് രൂപീകരിക്കലും<br>ക്ലബിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഓരോ മാസവും നടപ്പിലാക്കൽ | 1-5<br>1-5 | June - മാർച്ച് | ചാർജുള്ള അധ്യാപിക - ക്ലബ് കൺവീനർ |

| | | | | |
|---|---|---|---|---|
| കുട്ടികളിലെ ഗണിത അറിവുകൾ പരിപോഷിപ്പിക്കൽ. | പുസ്തക ശേഖരണവും അവതരണവും<br>രക്ഷിതാക്കൾ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ ഗണിത പുസ്തകങ്ങൾ ശേഖരിക്കുകയും ക്ലബ്ബിന്റെ നേതൃത്വത്തിൽ അവ സജ്ജീകരിക്കുകയും പുസ്തക പരിചയത്തിന് അവസരങ്ങൾ | 1—5 | ജൂലൈ മുതൽ | അധ്യാപകർ കുട്ടികൾ. |
| | ഗണിത പ്രൊജക്ട്<br>നിത്യജീവിതത്തിൽ അഭിമുഖീകരിക്കുന്ന ഗണിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട | | | |

| | | | | |
|---|---|---|---|---|
| ഗണിത-പ്രയോഗ ശേഷി വർദ്ധിപ്പിക്കൽ | വിവിധ ഗണിത പ്രോജക്ടുകളിൽ ഏർപ്പെടുന്നു. (വരവ്, ചെലവ്, വൈദ്യുത ബിൽ, വ്യായാമം etc) | 4-5 | 2023-24 | ഗണിത ക്ലബ്. |
| | ഗണിത ശില്പശാല<br>വിവിധങ്ങളായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ഒരു ഗണിത ശില്പശാല (ഒറിഗാമി, ജ്യാമിതീയ രൂപങ്ങൾ) ഒരുക്കുന്നു. | | | |
| | ഗണിത മാഗസിൻ<br>മികച്ച രചനകൾ ഉൾപ്പെടുത്തി സ്കൂളിൽ ഒരു ഗണിത മാഗസിൻ തയ്യാറാക്കൽ. | 1-5 | ജനുവരി | ഗണിത ക്ലബ്, SRG. |

| | | | | |
|---|---|---|---|---|
| ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ | ഗണിത മേളകൾ<br>ഗണിതത്തിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുകയും ഉപ- ജില്ല ഗണിത ശാസ്ത്ര മേളകളിൽ പങ്കെടുപ്പിക്കലും. | 3,4 | July - sept | ഗണിത ക്ലബ് SRG. |
| അദ്ധ്യാപകരെ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | ഗണിത പഠനവുമായി ബന്ധപ്പെട്ട TLM നിർമ്മാണം. രക്ഷിതാക്കൾ, നാട്ടുകാർ, പ്രാദേശിക വ്യക്തികൾ എന്നിവരുടെ സഹായത്തോടെ. | 3,4 | July - sept | ഗണിത ക്ലബ്, SRG. |

# മധുരം അറബിക്

std-I

ലക്ഷ്യം:

അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക.

പ്രവർത്തനം:

- ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുക.
- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിച്ച് അക്ഷരങ്ങൾക്ക് കളർ നൽകാൻ അവസരം നൽകുന്നു.
- അക്ഷരകാർഡുകൾ നൽകി വിവിധ കളികളിലൂടെ അക്ഷരം ഉറപ്പിക്കുന്നു.
- പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് അറബിക് മധുരം ക്ലാസ് നൽകുന്നു

കാലയളവ്

പാദവാർഷിക പരീക്ഷക്ക് ശേഷം

പിന്തുണ

അധ്യാപിക, പൂർവ വിദ്യാർത്ഥി, മുതിർന്ന കുട്ടികൾ

## വായനാപ്രവർത്തി  Std II

ലക്ഷ്യം:

* കുട്ടിയെ വായനയുടെ വായനയുടെ ലഹരിയിലേക്ക് എത്തിക്കൽ
* വായനയെ പ്രോത്സാഹിപ്പിച്ച് നല്ല വായനക്കാരനാക്കൽ

പ്രവർത്തനം:-

* ലളിതമായ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.
* ചിത്രകഥകൾ, ചെറുകവിതകൾ വിവരണങ്ങൾ, ചെറുക്ലിപ്പുകൾ പ്രദർശിപ്പിക്കുന്നു.
* ക്ലാസ് വായനയുടെ ഭാഗമായി, പിരിയഡിന്റെ ആദ്യ 5 മിനുട്ട് ഒരു കുട്ടിയെ കൊണ്ട് വായിപ്പിക്കുന്നു
* ചെറു ക്ലിപ്പുകൾ വായിക്കുന്നതോടൊപ്പം എഴുതിവെക്കാനുള്ള ശ്രമങ്ങളും നടത്തുന്നു.

കാലയളവ് : 6 മാസം

പിന്തുണ:

- അറബി അധ്യാപകൻ
- പൂർവ വിദ്യാർത്ഥികൾ
- റിട്ടയർ അധ്യാപകരുടെ സഹായം
- ഗൾഫിൽ ജോലിയുള്ള പൂർവ വിദ്യാർത്ഥികൾ
- പുസ്തകങ്ങൾ സംഭാവന ചെയ്യിക്കൽ
- സ്പോൺസർ ചെയ്യിപ്പിക്കൽ

## ആസ്വാദന ലോകം

Std - III

ലക്ഷ്യം:

• സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

പ്രവർത്തനം:

• ആസ്വാദനക്കൂട്ടം

പാടാനും പറയാനും പ്രസംഗിക്കാനും അഭിനയിക്കാനുമൊക്കെ കഴിവുള്ള കുട്ടികളെ കണ്ടെത്തി രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സദസ് സംഘടിപ്പിക്കുന്നു.

• എല്ലാവർക്കും അവസരം നൽകുന്നതോടൊപ്പം ആസ്വാദകരാകാനും അവർക്ക് അവസരം നൽകുന്നു.

• ഡൗൺലോഡ് ചെയ്ത മികച്ച പാട്ടുകളും കഥകളും ഷോർട്ട്ഫിലിമുകളും പ്രൊജക്ടർ / ലാപ്ടോപ്പുകളുടെ സഹായത്തോടെ കാണാനുള്ള അവസരം നൽകുന്നു.

• ചെറിയ കഥകൾ, ഗുണപാഠകഥകൾ

Std-II

യാന്ത്രിക കഥകൾ, അനിമേഷൻ വീഡിയോ, കൾ കാണാനും കേൾക്കാനും ആസ്വദി- ക്കാനും അവസരം നൽകുന്നു.

കാലയളവ് : 6 മാസം

ഭൗതികം :

സ്കൂൾ ഹാൾ
കമ്പ്യൂട്ടർ ലാബ്

# മത്സര ലോകം

std-IV

ലക്ഷ്യം:

മത്സരങ്ങളിലൂടെ വിജ്ഞാനവും പദസമ്പത്തും കൈവരിക്കൽ

പ്രവർത്തനങ്ങൾ:-

- നാലാം തരത്തിലെ കുട്ടികൾക്ക് എല്ലാദിവസവും ഒരുദിനം ഒരറിവ് ക്ലാസ് ഗ്രൂപ്പ് വഴി അയച്ച് കൊടുക്കുകയും മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ മത്സരം നടത്തി വിജയിയെ കണ്ടെത്തി സമ്മാനങ്ങൾ നൽകുന്നു.
- അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ ക്വിസ്, പദനിർമ്മാണം, കഥപറയൽ, മെമ്മറി ടെസ്റ്റ്, ഖുർആൻ പാരായണ മത്സരങ്ങൾ, പദപ്പയറ്റ്, തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- ചെറു സൃഷ്ടികൾ ഉപയോഗിച്ച് മാസികകൾ നിർമ്മിക്കുന്നു.

കാലയളവ് :-

പാദവാർഷിക മൂല്യനിർണയത്തി-
ന് ശേഷം.

പിന്തുണ :

- അറബി അധ്യാപകൻ
- മുതിർന്ന കുട്ടികൾ